**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1942** | **09-12-2022 - ൽ മറുപടിയ്ക്ക്**

**ബിരുദ സർട്ടിഫിക്കറ്റ് നൽകാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സാങ്കേതിക സർവ്വകലാശാലയുടെ താത്കാലിക വി. സി. യുമായി സർവ്വകലാശാലയിലെ ഉന്നത ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവർ സഹകരിക്കാത്തത് മൂലം വിദ്യാർത്ഥികൾക്ക് ബിരുദ സർട്ടിഫിക്കറ്റ്, പ്രോവിഷണൽ സർട്ടിഫിക്കറ്റ് മുതലായവ നൽകുവാൻ കഴിയുന്നില്ല എന്ന ആക്ഷേപം സർക്കാർ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സാങ്കേതിക സർവകലാശാലയിൽ നിന്നും നൽകിവരുന്ന ഡിഗ്രി സർട്ടിഫിക്കറ്റുകളിൽ വൈസ് ചാൻസലറുടെ ഡിജിറ്റൽ ഒപ്പാണ് പതിക്കുന്നത്. ഒരേ കാലയളവിൽ രണ്ടു വൈസ് ചാൻസലറുടെ ഒപ്പ് സർട്ടിഫിക്കറ്റുകളിൽ വരാതിരിക്കാൻ, കോടതി വിധിയുടെ അടിസ്ഥാനത്തിൽ പുറത്തു പോകേണ്ടി വന്ന വൈസ് ചാൻസലർ ഒപ്പിട്ട ഡിഗ്രി സർട്ടിഫിക്കറ്റുകൾ നിരാകീകരണം ചെയ്യേണ്ടതുണ്ടായിരുന്നു. ഈ അവസ്ഥ നടാടെയായതിനാൽ സിസ്റ്റത്തിൽ വരുത്തേണ്ട മാറ്റങ്ങൾക്ക് കാലതാമസം എടുത്തിരുന്നു. പുതിയ വൈസ് ചാൻസലർ ചാർജെടുത്ത ശേഷം സർട്ടിഫിക്കറ്റ് ജനറേറ്റ് ചെയ്യുമ്പോൾ സാങ്കേതിക തകരാർ കാണിച്ചിരുന്നു. ഈ സാങ്കേതിക പ്രശ്നം കാരണം സർട്ടിഫിക്കറ്റ് ജനറേറ്റ് ചെയ്യുവാൻ സാധിച്ചിരുന്നില്ല. എന്നാൽ സാങ്കേതിക തകരാർ പരിഹരിച്ചത് മുതൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു തുടങ്ങുകയുണ്ടായി. |
| (ബി) | വിദേശ പഠനത്തിനും ജോലിക്കും ഉൾപ്പെടെ സർട്ടിഫിക്കറ്റ് ആവശ്യമാണെന്നിരിക്കെ അത് നൽകാതെ താമസം വരുത്തുന്ന കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റി ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ? | (ബി) | ഉപരിപഠനത്തിനും, മറ്റ് അത്യാവശ്യമായ ആവശ്യങ്ങൾക്ക് വേണ്ടി സർട്ടിഫിക്കറ്റ് അടിയന്തരമായി വേണ്ട വിദ്യാർഥികൾക്ക് എക്സ്പ്രസ്, ഫാസ്റ്റ് ട്രാക്ക് സൗകര്യങ്ങൾ ലഭ്യമായിരുന്നു. അതോടൊപ്പം സർട്ടിഫിക്കറ്റ് സാവധാനം ആവശ്യമുള്ളവർക്ക് നോർമൽ മോഡ് ആയി അപേക്ഷിക്കുവാനുള്ള സൗകര്യം ഒരുക്കിയിരുന്നു. പ്രൊവിഷണൽ സർട്ടിഫിക്കറ്റ്, ഡിഗ്രി സർട്ടിഫിക്കറ്റ്, ഗ്രേഡ് കാർഡ് എന്നിവ റിസൾട്ട് പരസ്യപ്പെടുത്തിയ ദിവസം തന്നെ വിദ്യാർത്ഥികൾക്ക് നേരിട്ട് എടുക്കുവാനുള്ള സൗകര്യം ഒരുക്കിയിരുന്നു. കൂടാതെ വിദേശ പഠനത്തിനും ഉപരിപഠനക്കാർക്കും വേണ്ടി ട്രാൻസ്ക്രിപ്റ്റ്, ജെനുവിനിറ്റി സർട്ടിഫിക്കറ്റ്, ഇതര സർട്ടിഫിക്കറ്റ്, ഡിക്ലറേഷൻ സർട്ടിഫിക്കറ്റ് എന്നിവ മുടക്കമില്ലാതെ |

| | | | |
|---|---|---|---|
| | | | വിദ്യാർഥികൾക്ക് നൽകി വരുന്നുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്ക് ലഭിച്ച അവസരങ്ങൾ നഷ്ടപ്പെടാതിരിക്കുന്നതിനായി കോൺഫിഡൻഷ്യൽ പാസ് സർട്ടിഫിക്കറ്റ് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നൽകുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ